"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി വിരമിച്ച ശ്രീ. മുരളീധരൻ യു.പി. യ്ക്ക് എതിരെയും, നിലവിൽ സേവനത്തിലുള്ള മുൻ സെക്രട്ടറിമാരായ ശ്രീ. രാമൻകുട്ടി എം., ശ്രീ. ഒ.എ. ബാബു എന്നിവർക്കെതിരെയുമുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ല ജോയിന്റ് ഡയറക്ടർ ശ്രീ. ഗോപിനാഥൻ കെ-യെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3058/2025/LSGD തീയതി,തിരുവനന്തപുരം, 24-12-2025

---

പരാമർശം:-

1. പാലക്കാട് ജില്ല ധനകാര്യ പരിശോധന സ്ക്വാഡ് പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിൽ നടത്തിയ 03/08/2022 തീയതിയിലെ പരിശോധന റിപ്പോർട്ട്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06/12/2024 ലെ LSGD/PD/49470/2023-VIGC6 നമ്പർ കത്ത്.
3. സർക്കാരിന്റെ 11/02/2025 ലെ ഇപിബി3/28/2023/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. സർക്കാരിന്റെ 11/02/2025 ലെ ഇപിബി3/28/2023/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
5. സർക്കാരിന്റെ 12/02/2025 ലെ ഇപിബി3/28/2023/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. സർക്കാരിന്റെ 27/02/2025 ലെ ഇപിബി3/28/2023/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
7. ശ്രീ. ബാബു ഒ.എ. 15/03/2025 ൽ സമർപ്പിച്ച എതിർവാദ പത്രിക.
8. ശ്രീ. രാമൻകുട്ടി. എം. 25/03/2025 ൽ സമർപ്പിച്ച എതിർവാദ പത്രിക.
9. ശ്രീ. യു.പി. മുരളീധരൻ 26/03/2025 ൽ സമർപ്പിച്ച എതിർവാദ പത്രിക.
10. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08/10/2025 ലെ LSGD/PD/49470/2023-VIGC6 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകറിശ്ശി ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണ പ്രവർത്തികളിലെ അഴിമതിയും ക്രമക്കേടുകളും സൂചിപ്പിച്ച് ലഭിച്ച പരാതിയിന്മേൽ പാലക്കാട് ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ് നടത്തിയ പരിശോധനയുടെ

പരാമർശം (1) റിപ്പോർട്ടിലെ ഈ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശ 1 & 5 എന്നിവ ചുവടെ ചേർക്കുന്നു.

**ശിപാർശ-1**

സാംസ്കാരിക നിലയത്തിന്റെ പഴയ കെട്ടിടത്തിൽ നവീകരണ പ്രവൃത്തികൾ നടത്തി ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ കെട്ടിടം പൊളിച്ചുനീക്കി പൊതുഖജനാവിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയ പഞ്ചായത്ത് സെക്രട്ടറിമാരുടെയും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും നടപടി കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 40(b) യുടെ ലംഘനമാണ്. ഇത്തരത്തിൽ ഭരണസമിതിയുടെ വിവേകശൂന്യമായ തീരുമാനങ്ങൾ തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ പാടേ മറന്ന് നടപ്പിലാക്കിയതിലൂടെ പൊതുഖജനാവിനു സാമ്പത്തിക നഷ്ടം വരത്തക്ക രീതിയിൽ നവീകരണ പ്രവൃത്തികൾ നടത്തുകവഴിയും ടി നവീകരണ പ്രവൃത്തികൾ നടത്തി 2 വർഷം മാത്രം കഴിഞ്ഞ് പുതിയ കെട്ടിടത്തിന്റെ ആവശ്യകതയും മറ്റും പരിശോധിക്കാതെ പുതിയ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് അനുമതി നൽകിയതു വഴിയും സർക്കാരിന് അധിക സാമ്പത്തിക നഷ്ടം വരുത്തിയ ടി കാലയളവുകളിലെ സെക്രട്ടറിമാരായ ശ്രീ. മുരളീധരൻ യു.പി. (എംപ്ലോയ് ഐ.ഡി. 11019) ശ്രീ. രാമൻകുട്ടി എം. (പെൻ-582621) എന്നിവർക്കെതിരെ വകപ്പുതലത്തിൽ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

**ശിപാർശ-5**

പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിൽ നിന്നുള്ള മാസവാടക സമയാസമയം പിരിച്ചെടുക്കാതിരിക്കുകയും ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുകയും ചെയ്യാതിരുന്ന തൽസമയങ്ങളിലെ സെക്രട്ടറിമാരായ ശ്രീ.ഷംസുദ്ദീൻ.എസ്. (എപ്ലോയി ഐ.ഡി - ജി 0908520227), ശ്രീ. മുരളീധരൻ യു.പി (എപ്ലോയി ഐ.ഡി- 11019), ശ്രീ. രാമൻകുട്ടി എം. (പെൻ - 582621), ശ്രീ. ഒ.എ. ബാബു (പെൻ - 628818) എന്നിവർക്കെതിരെയും വകപ്പുതലത്തിൽ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ, കടിശ്ശികയിനത്തിലുള്ള 142074/- രൂപ പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

2. മേൽ ജീവനക്കാരുടെ സേവന വിവരങ്ങൾ ആരാഞ്ഞതിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം (2) റിപ്പോർട്ട് പ്രകാരം, പെരിങ്ങോട്ടുകറിശ്ശി ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ.ഷംസുദ്ദിൻ എസ് (30/11/2012-ൽ വിരമിച്ചു), ശ്രീ. മുരളീധരൻ യു.പി (31/03/2015-ൽ വിരമിച്ചു) എന്നിവർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നല്ലിയിട്ടുള്ളതായും, പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മാസ വാടകയിനത്തിൽ കുടിശിക തുകയായ 1,42,074/- രൂപ 2019 മാർച്ച് 31 തീയതിയിൽ പിരിച്ചെടുത്തിട്ടുള്ളതായും പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, മുൻ സെക്രട്ടറി ശ്രീ. രാമൻകുട്ടി എം -ന്റെ വിരമിക്കൽ തീയതി 31/5/2028 (നിലവിൽ സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട്), മുൻ സെക്രട്ടറി ശ്രീ. ബാബു ഒ.എ. യുടെ വിരമിക്കൽ തീയതി 31/3/2030 (നിലവിൽ സെക്രട്ടറി, പറളി ഗ്രാമപഞ്ചായത്ത്,

പാലക്കാട് ജില്ല) ആണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. കുടിശിക തുകയായ 1,42,074/- രൂപ പിരിച്ചെടുത്തിട്ടുള്ളതായി പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ധനകാര്യ പരിശോധന വിഭാഗം ശിപാർശ ചെയ്ത പ്രകാരം പെരിങ്ങോട്ടുകറിശ്ശി ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറിമാരായ വിരമിച്ച ശ്രീ. മുരളീധരൻ യു.പി., ശ്രീ. ഷംസുദ്ദിൻ എസ്. എന്നിവർക്കെതിരെ KSR Part III ചട്ടം 59 (ഡി) പ്രകാരം പ്രതിമാസപെൻഷനിൽ നിന്നും 500 രൂപ കുറവ് വരുത്തുവാൻ തീരുമാനിച്ച് യഥാക്രമം പരാമർശം (3), പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയും, സർവ്വീസിലുള്ള മുൻ സെക്രട്ടറിമാരായ ശ്രീ. ബാബു ഒ.എ., ശ്രീ. രാമൻകുട്ടി എം. എന്നിവർക്കെതിരെ KCS (C.C &A) Rules 1960-ലെ ചട്ടം 15 പ്രകാരം യഥാക്രമം പരാമർശം (4), പരാമർശം (6) പ്രകാരം കുറ്റാരോപണ മെമ്മോകൾ നൽകിയും സർക്കാർ തലത്തിൽ അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നു.

4. സർവീസിൽ നിന്നും വിരമിച്ച പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഷംസുദ്ദീൻ 20/9/2020 തീയതിയിൽ മരണപ്പെട്ടതായും, കാരണം കാണിക്കൽ നോട്ടീസിനും കുറ്റാരോപണ മെമ്മോയ്ക്കും മറ്റ് ജീവനക്കാർ എതിർവാദ പത്രിക സമർപ്പിക്കുകയും ആയതിന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (10) പ്രകാരം ചുവടെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

5. ശ്രീ. ബാബു ഒ.എ. പരാമർശം (7) പ്രകാരം സമർപ്പിച്ച എതിർവാദ പത്രിക പ്രകാരം, 2018 ഒക്ടോബർ മാസത്തിൽ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി നിയമിതനാവുകയും ടി ഗ്രാമപഞ്ചായത്തിന്റെ ചരിത്രത്തിൽ ആദ്യമായി 2018-19 സാമ്പത്തിക വർഷത്തിൽ 100% വസ്തു നികുതി പിരിച്ചെടുക്കുകയും അതിലൂടെ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചുവെന്നും 100% വസ്തു നികുതി പിരിവ് എന്നാൽ കെട്ടിട നികുതി, ഷോപ്പിംഗ് കോംപ്ലക്സ് വാടക, തൊഴിൽ നികുതി തുടങ്ങിയ പഞ്ചായത്തിന് ലഭിക്കേണ്ട എല്ലാ നികുതിയും ഉൾപ്പെട്ടതാണെന്നും ആയത് പിന്നീട് 2018- 19 വർഷത്തെ കണക്കുകൾ പരിശോധന നടത്തിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം/കേരള സംസ്ഥാന ഓഡിറ്റ്/അന്ന് നിലവിലുണ്ടായിരുന്ന പെർഫോമൻസ് ഓഡിറ്റ് വിഭാഗം തുടങ്ങിയവർക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജീവനക്കാർക്ക് ഇൻസെന്റീവ് അനുവദിച്ച് ഉത്തരവാക്കിയിട്ടുള്ളതുമാണെന്നും, ഷോപ്പിംഗ് കോംപ്ലക്സ് വാടകക്കാർ 2019 മാർച്ച് 31 നാണ് 2018-19 വർഷ കുടിശ്ശിക ഉൾപ്പെടെയുള്ള തുക പലിശ സഹിതം അടവാക്കിയത് എന്നതിനാലാണ് ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശ്രദ്ധയിൽപെടാതിരുന്നത് എന്നും 2018-19 വർഷത്തെ 100% നികുതി പിരിവ് (ഷോപ്പിംഗ് കോംപ്ലക്സ് വാടക ഉൾപ്പടെ) നേട്ടം ഇപ്പോഴും പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് നിലനിർത്തുന്നതായും ടിയാന്റെ കാലയളവിൽ തന്നെയാണ് വാടക രജിസ്റ്റർ കാലികമാക്കിയത് എന്നും ബോധിപ്പിച്ചിരുന്നു.

ടി എതിർവാദ പത്രികയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിൽ, മുൻ സെക്രട്ടറി ശ്രീ. ബാബു ഒ.എ.-യുടെ സേവനകാലത്ത് പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വാടക പൂർണ്ണമായും

പിരിച്ചെടുത്തിട്ടുണ്ടെന്നും **2018-19** മുതൽ **100%** പിരിച്ച് റിവാർഡ് അനുവദിച്ച ഗ്രാമപഞ്ചായത്താണ് പെരിങ്ങോട്ടുകുറിശ്ശിയെന്നും ആയതിനാൽ ടിയാളുടെ മറുപടി അംഗീകരിച്ച് തുടർനടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു.

**6.** ശ്രീ. രാമൻകുട്ടി എം. പരാമർശം **(8)** പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ ചുവടെ പറയുന്ന വിവരങ്ങൾ ബോധിപ്പിക്കുകയുണ്ടായി. പാലക്കാട് ജില്ലയിലെ പിന്നോക്ക ഗ്രാമപഞ്ചായത്തായ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിന് ലോകബാങ്ക് അനുവദിച്ച ധനസഹായം **(4** കോടിരൂപ) ഉപയോഗിച്ച് കമ്മ്യൂണിറ്റിഹാൾ പണിയുവാൻ വേറെ സ്ഥലമില്ലാത്തതിനാൽ പഴയ സാംസ്കാരിക നിലയം പൊളിച്ച് ആ സ്ഥാനത്ത് **10,000** ച.അടി വലുപ്പത്തിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഇരുനില കെട്ടിടം നിർമ്മിക്കുവാൻ ഭരണസമിതി തീരുമാനമെടുക്കുകയാണ് ഉണ്ടായത്. എന്നാൽ ഇത് സാമ്പത്തിക നഷ്ടം ഉണ്ടാവുമെന്ന് സെക്രട്ടറിയായ ടിയാൻ ഭരണസമിതി യോഗത്തിൽ പറഞ്ഞെങ്കിലും ചെറിയ സാമ്പത്തിക നഷ്ടം വരുമെങ്കിലും വൻതുക ലോകബാങ്ക് ധനസഹായമായി ലഭിക്കുമെന്നതിനാൽ കെട്ടിടം ലേലം ചെയ്ത് പൊളിച്ചു നീക്കുന്നതിന് അനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ ലോകബാങ്ക് ധനസഹായം സംസ്ഥാനത്തൊട്ടാകെ വെട്ടിച്ചുരുക്കി **2** കോടി രൂപയായി കുറച്ചപ്പോൾ കെട്ടിടത്തിന്റെ പ്ലാനിലും എസ്റ്റിമേറ്റിലും മാറ്റം വരുത്തിയാൽ സൗകര്യങ്ങൾ കുറഞ്ഞുപോകും എന്നുള്ളതുകൊണ്ട് ധനസഹായമായി ലഭിച്ച **2** കോടികൊണ്ട് ഇരുനില കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണം ഉൾപ്പടെയുള്ള പണികൾ പൂർത്തിയാക്കുകയുണ്ടായി. പഴയ സാംസ്കാരിക നിലയം പൊളിച്ചതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാവുകയില്ല എന്നു മാത്രമല്ല പുതിയ കെട്ടിടത്തിൽനിന്നും വൻതുക വരുമാനമായി ലഭിക്കുകയും, ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ പൊതുജനങ്ങൾക്ക് ഗുണം ലഭിക്കുകയും ചെയ്യും. എല്ലാവിധ നടപടിക്രമങ്ങളും നിയമാനുസരണം നടത്തി സെക്രട്ടറി എന്ന നിലയിൽ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. ആയതിനാൽ കുറ്റാരോപണങ്ങളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി.

ടി എതിർവാദ പത്രികയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് പ്രകാരം, പെരിങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഏജ് ആന്റ് അൺഫിറ്റ് സർട്ടിഫിക്കറ്റ് നൽകിയതും പഞ്ചായത്ത് ഭരണസമിതി പൊളിച്ചുമാറ്റാൻ തീരുമാനമെടുത്തതുമായ പഴയ കെട്ടിടം ശ്രീ. രാമൻകുട്ടി എം. എന്ന മുൻ സെക്രട്ടറി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം ഉചിതമാർഗ്ഗേനയും, പഞ്ചായത്ത് പ്രസിഡന്റ് അന്നത്തെ ബഹു. പട്ടികജാതി-പട്ടികവർഗ, നിയമം പാർലിമെന്ററി കാര്യ വകുപ്പു മന്ത്രി മുഖേനയും അപേക്ഷ സമർപ്പിച്ച് പഞ്ചായത്ത് ഡയറക്ടറിൽ നിന്ന് ലഭ്യമായ അനുമതിയുടെ അടിസ്ഥാനത്തിൽ എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് പഴയ കെട്ടിടം പൊളിച്ചു മാറ്റിയിട്ടുള്ളതെന്നും പുതിയ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനായി നിലവിലുണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുക വഴി പൊതുഖജനാവിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് ഉത്തരവാദി സെക്രട്ടറിയായിരുന്ന ശ്രീ. രാമൻകുട്ടി എം. ആണെന്ന നിരീക്ഷണം നീതിയുക്തമാണെന്നു കാണുന്നില്ലെന്നും കൂടാതെ സെക്രട്ടറി ആയിരുന്ന കാലയളവിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക പിരിച്ചെടുത്തിട്ടുണ്ടെന്നും

കാണുന്നതിനാൽ ശ്രീ. രാമൻകുട്ടി എം. -ന്റെ മറുപടി അംഗീകരിക്കാവുന്നതും തുടർനടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. ശ്രീ. മുരളീധരൻ യു.പി. സമർപ്പിച്ച പരാമർശം (9) എതിർവാദ പത്രിക പ്രകാരം, പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ 2012 മുതൽ 31.03.2015 വരെ സെക്രട്ടറി തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന കാലയളവിൽ 2013-2014 വർഷത്തിൽ പരുത്തിപ്പുള്ളിയിലെ സാംസ്കാരിക നിലയം പ്ലാൻ ഫണ്ടിൽ വകയിരുത്തി പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിന് പഞ്ചായത്ത് തീരുമാനത്തിന് വിധേയമായി ഡി പി സി അംഗീകാരത്തോടെ അസ്സിസ്റ്റന്റ് എഞ്ചിനിയർ പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളതാണെന്നും താൻ 31.03.2015-ൽ സേവനത്തിൽ നിന്ന് വിരമിച്ച ശേഷം, പുതിയതായി വന്ന ഭരണ സമിതി നടപ്പിലാക്കിയ പ്രവൃത്തികളിലാണ് തന്റെ പേരിൽ ക്രമക്കേട് ആരോപിച്ചിരിക്കുന്നത് എന്നും ഷോപ്പിംഗ് കോംപ്ലക്സ് വാടകയിൽ താൻ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് നിലനിന്നിരുന്ന കുടിശ്ശികയും തന്നാണ്ടിൽ വരുന്ന വാടകയും ഉൾപ്പെടെ പരമാവധി പിരിവ് നടത്തിയിട്ടുള്ളതാണെന്നും ആയതിനാൽ ആരോപണത്തിൽ നിന്ന് ഒഴിവാക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

ടി എതിർവാദ പത്രികയിന്മേൽ പ്രിൻസിപ്പിൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് പ്രകാരം, ശ്രീ. മുരളീധരൻ യൂ.പി., സാംസ്കാരിക നിലയം എന്ന ജീർണ്ണിച്ച പഴയ കെട്ടിടം അറ്റകുറ്റപ്പണി ചെയ്യുന്ന കാലയളവിൽ മാത്രമാണ് സെക്രട്ടറിയായി സേവനത്തിലുണ്ടായിരുന്നതെന്നും ടിയാൾ 31/03/2015 ൽ സേവനത്തിൽ നിന്ന് വിരമിച്ചുവെന്നും, 23/08/2016 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(3) നമ്പർ തീരുമാന പ്രകാരമാണ് ടി കെട്ടിടം പൊളിച്ചുമാറ്റി പുതിയകെട്ടിടം നിർമ്മിക്കാൻ നടപടികൾ ആരംഭിച്ചതെന്നും ടി കെട്ടിടം പൊളിച്ചുമാറ്റാൻ തീരുമാനിച്ചതും പൊളിച്ചുമാറ്റിയിട്ടുള്ളതും ടിയാൾ സേവനത്തിൽ നിന്ന് വിരമിച്ചതിനു ശേഷമായതിനാൽ ടിയാളുടെ മറുപടി അംഗീകരിച്ച് തുടർ നടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. മുരളീധരന്റെ കാലയളവിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിൽ നിന്നും മാസവാടക യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതായ ശിപാർശ (5) പ്രകാരമുള്ള കുറ്റാരോപണത്തിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല. ശ്രീ. രാമൻകുട്ടി സെക്രട്ടറി ആയിരുന്ന കാലയളവിൽ ധനകാര്യ പരിശോധന റിപ്പോർട്ടിൽ സാസ്ക്കാരിക നിലയത്തിന്റെ പഴയ കെട്ടിടത്തിൽ നവീകരണ പ്രവൃത്തികൾ നടത്തിയ ശേഷം ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ കെട്ടിടം പൊളിച്ചു നീക്കി പൊതുഖജനാവിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 07/02/2017-ൽ ആരംഭിച്ച ടി സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം നാളിതുവരെയായി (പരിശോധന സമയത്ത്) പൂർത്തീകരിക്കാത്തതായും രേഖകളിൽ പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തി കരാറുകാരന് മുഴുവൻ തുകയും (Tender Excess ഉൾപ്പെടെയുള്ള തുക) മാറി നൽകിയിട്ടുള്ളതായും ധനകാര്യ പരിശോധന സ്ക്വാഡിന്റെ പരിശോധന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള

സാഹചര്യത്തിൽ പരാമർശ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിലെ സെക്രട്ടറിയുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതായി കാണുന്നു.

9. മേൽ സാഹചര്യത്തിൽ, 31.03.2015-ൽ വിരമിച്ച ശ്രീ.മുരളീധരൻ യു.പി. -ക്കെതിരെ KSR Part III ചട്ടം 59 (ഡി) പ്രകാരവും, സർവ്വീസിലുള്ള സെക്രട്ടറിമാരായ ശ്രീ. രാമൻകുട്ടി എം. (പെൻ - 582621), ശ്രീ. ഒ.എ. ബാബു (പെൻ - 628818) എന്നിവർക്കെതിരെ KCS (CC&A) Rules 1960 ലെ ചട്ടം 15 പ്രകാരവുമുള്ള നടപടി ആയതിനാൽ പരാമർശ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ ശ്രീ. ഗോപിനാഥൻ കെ-യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, പാലക്കാട്. *(ഫയലിലെ പ്രസ്കത ഭാഗങ്ങളുടെ പകർപ്പുകൾ സഹിതം അന്വേഷണത്തിനായി).*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ബന്ധപ്പെട്ട ജീവനക്കാർ ( *തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന).*
4. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി3/28/2023/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 24-12-2025 14:46:25**

സെക്ഷൻ ഓഫീസർ